**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5079 | 28-10-2016 ൽ മറുപടിക്ക്

ചോദ്യം | ഉത്തരം

| | | | |
|---|---|---|---|
| **ശ്രീ. എ. പ്രദീപ്കുമാർ**<br>**ശ്രീ. ആന്റണി ജോൺ**<br>**ശ്രീ. എ. എൻ. ഷംസീർ**<br>**ശ്രീ. ആർ. രാജേഷ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | നഗരസഭകളിൽ വസിക്കുന്ന അവിദഗ്ധ കായികാദ്ധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| (സി) | ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | • ജലസംരക്ഷണവും ജലകൊയ്ത്തും<br>• വരൾച്ച തടയൽ (വൃക്ഷങ്ങൾ നടീൽ, വനവത്കരണ പ്രവർത്തനങ്ങളടക്കം)<br>• മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ<br>• എസ്.സി/എസ്.റ്റി/കേന്ദ്രാവിഷ്കൃത പദ്ധതികൾ<br>• കുടുംബങ്ങളുടെ ഭൂമിയിൽ ജലസേചന സൗകര്യമൊരുക്കൽ, കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജല സ്രോതസ്സുകളുടെ പുനഃനിർമ്മാണം, ഭൂവികസനം, വെള്ളക്കെട്ട് ഉൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും കുള സംരക്ഷണ പ്രവർത്തനങ്ങളും<br>• BSUP/IHSDP/KSUDP/SJSRY/RAY തുടങ്ങിയ |

| | | | |
|---|---|---|---|
| | | | പദ്ധതികളുടെ ഭാഗമായി ഏറ്റെടുക്കാവുന്ന ചേരി/ക്ലസ്റ്റർ വികസന പദ്ധതിയുടെ അനുപൂരക പ്രവർത്തനങ്ങളും ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ഭവനങ്ങളുടെ വാനം വെട്ടുന്നതിനും അടിസ്ഥാനം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികളും.<br>• കോളനി നവീകരണ പ്രവൃത്തികൾ<br>• സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മഴക്കുഴി നിർമ്മാണം, കിണർ റീചാർജ്ജിംഗ്, 3 മീറ്റർ വീതിവരെയുള്ള റോഡുകളിൽ ഇന്റർലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ, ക്ഷീര കർഷകർക്ക് കന്നുകാലി തൊഴുത്ത് നിർമ്മിക്കുന്നതിന് വാനം വെട്ടുക മുതലായ പ്രവൃത്തികൾ അയ്യങ്കാളി പദ്ധതിയിൻകീഴിൽ ഏറ്റെടുക്കാവുന്നതാണെന്ന് പത്താമത് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകരിച്ചിട്ടുള്ളതും അതിൻപ്രകാരം നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരമുള്ള പ്രവൃത്തികൾ നഗരസഭകളിൽ ഏറ്റെടുത്ത് ചെയ്യുന്നതിന് വേണ്ടി 2016-17 സാമ്പത്തിക വർഷം നഗരസഭകൾ സമർപ്പിച്ച ആക്ഷൻപ്ലാനിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ